**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4569** **29-10-2021 - ൽ മറുപടിയ്ക്ക്**

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരായ എത്ര പേരെ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | റീബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ഉപപദ്ധതിയാണ് ആദിവാസി ഇതര സെറ്റിൽമെന്റുകളുടെ പുനരധിവാസം. വന്യജീവികളുടെ ആക്രമണം മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ, കിഫ്ബി പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെയും, കിഫ്ബി പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കിഫ്ബി പദ്ധതിയിൽ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വനം ഡിവിഷനിലെ ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ നൽകി 1,3109 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമെ, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ വയനാട് വന്യജീവി സങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ, കുറിച്യാട് സെറ്റിൽമെന്റിൽ 106 അർഹതപ്പെട്ട കുടുംബങ്ങളെയും, ചെട്ട്യാലത്തൂർ സെറ്റിൽമെന്റിൽ 101 അർഹതപ്പെട്ട കുടുംബങ്ങളേയും നഷ്ടപരിഹാരം നൽകി വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ നഷ്ടപരിഹാരം നൽകിയ 28 അർഹതപ്പെട്ട |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഏതൊക്കെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിൽ നിന്നാണ് ഇപ്രകാരം പുനരധിവാസം നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | റീബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ഉപപദ്ധതിയാണ് ആദിവാസി ഇതര സെറ്റിൽമെന്റുകളുടെ പുനരധിവാസം. വന്യജീവികളുടെ ആക്രമണം മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ, കിഫ്ബി പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെയും, കിഫ്ബി പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കിഫ്ബി പദ്ധതിയിൽ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വനം ഡിവിഷനിലെ ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ നൽകി 1,3109 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമെ, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ വയനാട് വന്യജീവി സങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ, കുറിച്ച്യാട് സെറ്റിൽമെന്റിൽ 106 അർഹതപ്പെട്ട കുടുംബങ്ങളെയും, ചെട്ട്യാലത്തൂർ സെറ്റിൽമെന്റിൽ 101 അർഹതപ്പെട്ട കുടുംബങ്ങളേയും നഷ്ടപരിഹാരം നൽകി വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ നഷ്ടപരിഹാരം നൽകിയ 28 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ